# അവാർഡിനായി ഒരു ജയരാജ് ചിത്രം

**വി.എം.ഗിരിജ**

ജയരാജിന്റെ കണ്ണകി പ്രേക്ഷകന് മുന്നിൽ ഉയർത്തുന്ന കുറേ ചോദ്യങ്ങളുണ്ട്.


എങ്ങനെയാണ് ഒരു നാടിന്റെ സംസ്കാരത്തിന്റേയും പാരമ്പര്യത്തിന്റേയും മുദ്രകൾ ഒരു കലാസൃഷ്ടിയിലുണ്ടാകുന്നത്. ഇന്നത്തെ സന്ദർഭത്തിൽ ഇന്ന് നിലവിലില്ലാത്ത ജീവിത പരിതാവസ്ഥകൾ പുനരാവിഷ്കരിക്കുമ്പോൾ ഓരോന്നും പാഠഭേദങ്ങളാകുന്നത് എങ്ങിനെ?

സർപ്പസൗന്ദര്യമുള്ള 'മായാവിനി' യായ ക്ലിയോപാട്രയെ നമ്മുടെ യക്ഷി സങ്കല്പത്തിനോട്, മന്ത്രവാദിനീ സങ്കല്പത്തിനോട് ചേർത്തുവെക്കാൻ പറ്റും. പ്രാകൃതമായ ഒരു ജനതയുടെ കോഴിപ്പോര് പോലുള്ള കേരളത്തിൽ ഒരിക്കലും പ്രചുരപ്രചാരമല്ലാത്ത ആവിഷ്കാരങ്ങളും എടുക്കാം. പക്ഷേ കാലമേതെന്ന് കൃത്യമായ മുദ്രവേണം. ദേശാടനത്തിലും കളിയാട്ടത്തിലും ജയരാജ് ഈ ഒരു തെറ്റു വരുത്തി. ഇന്ന് ജീവിക്കുന്നവരെ പഴയ ഒരു കഥയിലേക്ക്, സാധ്യതയില്ലായ്മയിലേക്ക് തിരുകികയറ്റി.

പസ്സോളിനിയുടേയോ കുറസോവയുടെയോ ചിത്രങ്ങളെപ്പോലെ പഴയ രംഗങ്ങൾ മാത്രമായി പഴയ ഒരു ജനതയുടെ സംസ്കാരമായി ഈ കണ്ണകിയും ഇത്രയും അവിശ്വാസ്യതയും കൃത്രിമതയും ഉണ്ടാവില്ല.

തിരിയുന്നിടത്തൊക്കെ വിളക്കുകൾ, (തൂക്കുവിളക്ക്, ചിത്രവിളക്ക് ഒട്ടേറെ) കാറ്റടിച്ചാൽ മുഴങ്ങുന്ന മണികൾ, കുങ്കുമം, മഞ്ഞൾ തുടങ്ങിയ കീഴാള സവർണ്ണ സംസ്കാരങ്ങളുടെ വർണ്ണഭംഗിയുള്ളതും പ്രാകൃതത്വവും പ്രാചീനതകളും തോന്നിപ്പിക്കുന്ന ക്യാമറയഴകുള്ള ദൃശ്യങ്ങളും ഈ ചിത്രത്തിൽ വേണ്ടുവോളം ഉപയോഗിച്ചിരിക്കുന്നു. തേൻനിറമുള്ള നന്ദിതയുടെ കറുത്തമിഴികളിൽപോലും ക്യാമറ തിരയുന്നത് ഒരു അന്താരാഷ്ട്ര അവാർഡാണ്.

രതിയുടെ പ്രാകൃതത്വം സൂചിപ്പിക്കുന്ന ലാൽ-നന്ദിത ഷോട്ടുകൂടി ഈ അവാസ്തികതയാൽ മന്ത്രമുഗ്ധത മാച്ചുകളഞ്ഞു. മലയാള സിനിമയിൽ ഇന്നില്ലാത്ത ഒരു നല്ല ഷോട്ടാണത്. പക്ഷേ തുടക്കം മുതൽ ഒടുക്കം വരെ നിറഞ്ഞു നിൽക്കാത്തത് അന്താരാഷ്ട്ര സിനിമാരംഗത്തെ അവാർഡുദാനം. ഇങ്ങനെയല്ല കുറസോവയുടെ നാടിന്റെ സാംസ്കാരികമുദ്രകൾ ഉള്ള മറ്റു സംവിധായകരുടേയോ പടങ്ങൾ എന്ന് ജയരാജിന് തന്നെ അറിയാം.




ഒരു 'ഭരതൻ' പ്രാകൃതത്വം സജീവത തേടുന്ന പല സന്ദർഭങ്ങളും ഈ ചിത്രത്തിലുണ്ട്. അനായാസ ചലനങ്ങൾ കൊണ്ട് ലാലും സിദ്ദിഖും മനോഹരമാക്കിയ പാട്ടുമുതൽ അഭിനയസാദ്ധ്യതയുള്ള കല്പനയുടേയും മനോജ് കെ. ജയന്റേയും നന്ദിതയുടേയും കഥാപാത്രങ്ങൾ വരെ എന്തെല്ലാം സാധ്യതകളാണ് അവാർഡ് മോഹിച്ച് ജയരാജ് നശിപ്പിച്ചു കളഞ്ഞത്.

കളിയാട്ടത്തിലെപോലെ ഇവിടേയും ഷെക്സ്പിയർ പുറം പോളയിലേ ഉള്ളൂ. ക്ലിയോപാട്രയുടെ ഷേക്സ്പിയർ മൊഴികൾ അപ്പടി പകർത്തിയിട്ടു കൂടി ഭാഗ്യലക്ഷ്മിയുടെ "മണിച്ചിത്രത്താഴ് തലഡബ്ബിങ്ങ്" ഒന്നും പകർന്ന തന്നില്ല. (മിഴിവില്ലാത്ത സംഭാഷണം പക്ഷേ അന്താരാഷ്ട്ര വേളകളിൽ തിരിച്ചറിയപ്പെടില്ലല്ലോ)

നല്ല ക്യാമറ, സംവിധായകന്റെ മനോഹരമായ ദൃശ്യങ്ങൾ കൊരുത്തെടുക്കാനുള്ള കഴിവ്, തുടങ്ങിയ പ്ലസ് പോയിന്റുകളെല്ലാം വെറുതേ എടുത്ത കൊടുങ്ങല്ലൂർ ഭരണിക്കാവുതീണ്ടൽ (എന്തു നല്ല ചുവപ്പ്! How fantstic and crade!) പോലുള്ള ഏച്ചുകെട്ടിലിലൂടെ നഷ്ടപ്പെട്ടിരിക്കുന്നു. ജൈവമായ സാന്നിധ്യമായല്ലാതെ "സംസ്കാരത്തിനുവേണ്ടി സംസ്കാരം" (അവാർഡിനുവേണ്ടി) എന്ന രീതി ഒരു കലാരൂപത്തിനും ഭൂഷണമല്ല.

സംവിധായകൻ എന്താണയിട്ടുന്നുവോ അയാൾ ശൂന്യമനസ്കനാണോ, ചെറിയ ബജറ്റാണോ എന്നെല്ലാമുള്ള കഥകൾ കാലക്രമേണ മറക്കപ്പെടും, മറക്കാതെ അവശേഷിക്കുന്നതും തലമുറകളിലൂടെ തുടരുന്നതും കലാസൃഷ്ടി മാത്രമാണ്. അതിൽ താല്ക്കാലികലാഭങ്ങൾക്ക് വേണ്ടി, തരംഗങ്ങൾക്കൊപ്പിച്ച് വെള്ളം ചേർക്കുമ്പോൾ ഒരു നാടിന്റെ ആത്മാവാണ് വിറ്റു പോകുന്നത്!

കാറ്റുരസുന്ന പനമ്പട്ടകൾ, കണ്ണകി, ക്ലിയോപാട്ര, യക്ഷി, നാഗദേവത തുടങ്ങി മാന്ത്രികമായ ഒട്ടേറെ ചേരുവകൾ ജയരാജിന്റെ കയ്യിലുണ്ട്. ഏതെങ്കിലും ഒരാംഗിളിലൂന്നി കഥപറയാൻ ശ്രമിച്ചെങ്കിൽ.... ഒരു പക്ഷേ കുറേക്കൂടി ശക്തമായേനെ.

കണ്ണകി എന്ന പുരാവൃത്തവും പേരും സൂചിപ്പിക്കുന്ന സ്ത്രീ പക്ഷം ഈ ചിത്രത്തിലില്ല. പുരുഷന്റെ ലോകം, അധികാരാസക്തി, ആദിമ ഹിംസാ ചോദനകൾ, പുരുഷന്റേതായ ജയവും തോൽവിയും കീർത്തിയും മറ്റുമാണ് ഈ ചിത്രത്തിലെ അടിസ്ഥാന അന്തരീക്ഷം. മാത്രമല്ല ക്ലിയോപാട്രയുടെ കൗശലവും മാദകത്വവും ഒരു പോലെ നിറഞ്ഞ സ്വഭാവം അല്ലെങ്കിൽ കണ്ണകിയുടെ എല്ലാറ്റിലും മീതെ ഉയർന്നു നില്ക്കാത്ത ശക്തി രണ്ടും ഇതിലെ കണ്ണകിക്കില്ല.

എന്തായാലും എല്ലാ മലയാളികളും (മുതിർന്ന) തീർച്ചയായും കണ്ടിരിക്കേണ്ട ഒരു പടമാണ് 'കണ്ണകി', വിമർശിക്കാനായാൽ പോലും ഒന്നു കാണാൻ മാത്രം നല്ലതാണീ പടം. സംവിധായകന്റേയും എഡിറ്ററുടേയും ക്യാമറയുടേയും നല്ല ഒത്തുചേരലുകൾ നല്ല നിറക്കൂട്ടുകൾ, നല്ല അഭിനേതാക്കൾ, ഇന്നോളം മലയാള സിനിമ ഒപ്പിയെടുക്കാത്തവിധം രതിയുടെ പ്രാകൃതമായ അവസ്ഥയുടെ ചില മിന്നാട്ടങ്ങൾ... പലതും കാണപ്പെടേണ്ടതായും ശ്രദ്ധിക്കപ്പെടേണ്ടതായുമുണ്ട്.

ഈ പെണ്ണ് പക്ഷേ പഴയപെണ്ണ് തന്നെ.. ഡെസ്റ്റിമോണയെപ്പോലെ (കളിയാട്ടം) തന്നെയാണ് സർപ്പകന്യകയേപ്പോലെയുള്ള ക്ലിയോപാട്രയും ചിത്രീകരിക്കപ്പെട്ടു പോകുന്നത്. നാടകീയമെങ്കിലും മനോഹരമായി ചിത്രീകരിക്കപ്പെട്ട 'മാണിക്യന്റെ മരണം' പോലുള്ള പല ദൃശ്യക്കൂട്ടുകളുമുണ്ട് നമുക്കോർമ്മിച്ചുവെയ്ക്കാൻ...